2001-ലെ 10-ാം ആക്ററ്

2001-ലെ കേരള റോഡ് ഫണ്ട് ആക്ററ് *

സംസ്ഥാനത്തെ ഗതാഗത സൗകര്യ പദ്ധതികൾക്ക് മുതൽ

മുടക്കുന്നതിനായി ഒരു ഫണ്ട് രൂപീകരിക്കുന്നതിനും

ആ ഫണ്ടിന്റെ ഭരണനിർവ്വഹണത്തിനായി ഒരു ബോർഡ്

രൂപീകരിക്കുന്നതിനും ഫണ്ടിൽ നിന്നും സാമ്പത്തിക

സഹായം നൽകുന്ന പ്രവർത്തനങ്ങളെ

നിയന്ത്രിക്കുന്നതിനും അവയുടെ മേൽനോട്ടം

വഹിക്കുന്നതിനും വ്യവസ്ഥ

ചെയ്യുന്നതിനുള്ള

ഒരു

ആക്ററ്

പീഠിക.— സംസ്ഥാനത്ത് ഗതാഗത സൗകര്യ പദ്ധതികൾക്ക് മുതൽ മുടക്കുന്നതിനായി ഒരു ഫണ്ട് രൂപീകരിക്കുന്നതിനും ആ ഫണ്ടിന്റെ ഭരണനിർവ്വഹണത്തിനായി ഒരു ബോർഡ് രൂപീകരിക്കുന്നതിനും ഫണ്ടിൽ നിന്നും സാമ്പത്തികസഹായം നൽകുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും അവയുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിരണ്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

അദ്ധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്ററിന് 2001 -ലെ കേരള റോഡ് ഫണ്ട് ആക്റ്റ് എന്ന് പേർ പറയാം.

* 2001 നവംബർ 23–ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2002 സെപ്റ്റംബർ 24–ാം തീയതിയിലെ 38–ാം നമ്പർ കേരള ഗസററായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

(2) ഇത് 2001 സെപ്ററംബർ 7-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) " ബോർഡ്" എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേരള റോഡ് ഫണ്ട് ബോർഡ് എന്നർത്ഥമാകുന്നു;

(ബി) "പാലം" എന്നാൽ അപ്രോച്ച് റോഡുകളും എക്സിറ്റ് റോഡുകളും ഗൈഡ് ബണ്ടുകളും അതിലേക്കുള്ള സംംരക്ഷണ ജോലികളും ഉൾപ്പെടെ, സ്ഥിരഘടനയുള്ള ഒരു പാലമോ അല്ലെങ്കിൽ, അതതു സംഗതി പോലെ, താൽക്കാലിക ഘടനയുള്ള ഒരു പാലമോ കടത്തു സർവീസോ എന്നർത്ഥമാകുന്നതും അതിൽ റെയിൽവേ ലൈനുകൾ, റോഡുകൾ എന്നിവയ്ക്കോ, ജലപാതകൾക്കോ കീഴ്പാതകൾക്കോ കുറുകെയുള്ള പാലങ്ങളും മേൽപ്പാലങ്ങളും ഉൾപ്പെടുന്നതുമാകുന്നു ;

(സി) "കളക്റ്റിംഗ് ഏജന്റ്" എന്നാൽ യൂസർ ഫീസ് പിരിച്ചെടുക്കാൻ അവകാശപ്പെട്ട ഏതെങ്കിലും കൺസഷനേറോ, അയാളുടെ ഏജന്റോ, ജീവനക്കാരനോ അല്ലെങ്കിൽ ഉപകരാറുകാരനോ, യൂസർ ഫീസ് പിരിച്ചെടുക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അധികാരപ്പെടുത്തുന്ന ഏതൊരാളും എന്നർത്ഥമാകുന്നു;

(ഡി) " കൺസഷൻ എഗ്രിമെന്റ്" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു ഗതാഗത സൗകര്യത്തിന് സാമ്പത്തിക സഹായം ചെയ്തുകൊള്ളാമെന്നും അതു നിർമ്മിച്ചുകൊള്ളാമെന്നും, പരിപാലിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്തുകൊള്ളാമെന്നും സമ്മതിച്ചുകൊണ്ട് കൺസഷനേർക്കും ബോർഡിനും ഒരു സർക്കാർ ഏജൻസി അഥവാ ഈ ആവശ്യത്തിലേക്കായി സർക്കാർ പ്രത്യേകമായി അധികാരപ്പെടുത്തിയ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിക്കും ഇടയിലുള്ള ഒരു ത്രികക്ഷി ഉടമ്പടി എന്നർത്ഥമാകുന്നു;

(ഇ) " കൺസഷനേർ" എന്നാൽ ബോർഡും ഒരു സർക്കാർ ഏജൻസി അഥവാ ഈ ആവശ്യത്തിലേക്കായി സർക്കാർ പ്രത്യേകമായി അധികാരപ്പെടുത്തിയ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയുമായി കൺസെഷൻ എഗ്രിമെന്റിൽ ഏർപ്പെടുന്ന ഒരു കക്ഷി എന്നർത്ഥമാകുന്നു;

(എഫ്) "നിർമ്മാണം"എന്നതിൽ പുതിയ നിർമ്മാണം, പുനർ നിർമ്മാണം, പുനഃസ്ഥാപനം, കേടുപാടുതീർക്കൽ, അററകുററപ്പണി എന്നിവ ഉൾപ്പെടുന്നു ;

(ജി) “വികസന ചെലവ്” എന്നാൽ ഒരു ഗതാഗത വികസന പദ്ധതി നടപ്പിലാക്കാൻ ഏതെങ്കിലും ആളിനെ ഏൽപിക്കുന്നതിനു മുമ്പുണ്ടാകുന്ന പ്രാഥമിക ചെലവ് എന്നർത്ഥമാകുന്നതും അതിൽ സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്നതിനും , സാദ്ധ്യതാപഠനത്തിനും,അതിനു മുൻപുള്ള പഠനത്തിനും വേണ്ടിവരുന്ന ചെലവുകൾ ഉൾപ്പെടുന്നതുമാകുന്നു ;

(എച്ച്) “എസ്ക്രോ അക്കൗണ്ട്" എന്നാൽ കൺസഷൻ എഗ്രിമെൻറിൽ നിർദ്ദേശിക്കുന്ന രീതിയിൽ പണം നിക്ഷേപിക്കുന്നതിനോ പണം പിൻവലിക്കുന്നതിനോ ഉള്ള ഒരു ബാങ്ക് അക്കൗണ്ട് എന്നർത്ഥമാകുന്നു ;

(ഐ) "നിർവ്വാഹക സമിതി” എന്നാൽ ബോർഡിന്റെ നിർവ്വാഹക സമിതി എന്നർത്ഥമാകുന്നു;

(ജെ) "ഫണ്ട്" എന്നാൽ 6-ാം വകുപ്പുപ്രകാരം രൂപീകരിച്ച കേരള റോഡ് ഫണ്ട് എന്നർത്ഥമാകുന്നു;

(കെ) “സർക്കാർ" എന്നാൽ കേരള സംസ്ഥാന സർക്കാർ എന്നർത്ഥമാകുന്നു;

(എൽ) "സർക്കാർ ഏജൻസി" എന്നാൽ റോഡുകളുടെയോ പാലങ്ങളുടെയോ നിർമ്മാണത്തിനോ പരിപാലനത്തിനോ വേണ്ടി സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ രൂപീകരിക്കുന്ന ഒരു കോർപ്പറേഷനോ സർക്കാർ സ്ഥാപിച്ച ഒരു കമ്പനിയോ അല്ലെങ്കിൽ ഒരു ഹൈവേ അതോറിറ്റിയോ എന്നർത്ഥമാകുന്നു;

(എം) “ഹൈവേ അതോറിററി" എന്നാൽ 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിലെ (2000-ലെ 6) 4-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഹൈവേ അതോറിറ്റി എന്നർത്ഥമാകുന്നു ;

(എൻ) "മെമ്പർ സെക്രട്ടറി” എന്നാൽ ബോർഡിന്റെ മെമ്പർ സെക്രട്ടറിഎന്നർത്ഥമാകുന്നു ;

(ഒ) “മോട്ടോർ വാഹനം" എന്നാൽ റോഡുകളിൽ ഉപയോഗിക്കുന്നതിന് അനുയോജ്യമായതും, ഏതെങ്കിലും ബാഹ്യമോ ആന്തരികമോ ആയ ഉറവിടത്തിൽ നിന്നും പ്രവർത്തനശക്തി എത്തിച്ചുകൊടുക്കുന്നതുമായ യന്ത്രശക്തികൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും വാഹനം എന്നർത്ഥമാകുന്നതും അതിൽ ബോഡി ഘടിപ്പിച്ചിട്ടില്ലാത്ത ഒരു മോട്ടോർ വാഹനത്തിന്റെ ചേസിസും ട്രെയിലറും ഉൾപ്പെടുന്നതുമാകുന്നു ;

(പി) “ഉടമസ്ഥൻ" എന്നതിൽ ഒരു വാഹനം കൈവശം വച്ചിരിക്കുന്ന ആൾ ഒരു മൈനർ ആണെങ്കിൽ ആ മൈനറുടെ രക്ഷകർത്താവും ഒരു ഹയർ പർച്ചേസ് ഉടമ്പടിക്ക് വിധേയമായ ഒരു വാഹനത്തെ സംബന്ധിച്ചിടത്തോളം ആ ഉടമ്പടി പ്രകാരം വാഹനം കൈവശം വച്ചിരിക്കുന്ന ആളും ഉൾപ്പെടുന്നു ;

(ക്യു) “വ്യക്തി" എന്നതിൽ ഒരു ഏകാംഗീകൃത നികായമോ, കമ്പനിയോ സ്ഥാപനമോ ഏകാംഗീകരിച്ചതോ അല്ലാതെയോ ഉള്ള വ്യക്തികളുടെ ഒരു സംഘമോ ഉൾപ്പെടുന്നതാകുന്നു;

(ആർ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എസ്) "പ്രോജക്ററ് മാനേജ്മെൻറ് ഏജൻസി" എന്നാൽ **1956**-ലെ കമ്പനീസ് ആക്ററ് (**1956**—ലെ **1**-ാം കേന്ദ്ര ആക്ററ്) പ്രകാരം സർക്കാർ സ്ഥാപിച്ച 'കേരള റോഡുകളും പാലങ്ങളും വികസന കോർപ്പറേഷൻ ലിമിറ്റഡ്' എന്നർത്ഥമാകുന്നു ;

(ററി) “റെഗുലേഷനുകൾ” എന്നാൽ ഈ ആക്ററ് പ്രകാരം ബോർഡ് ഉണ്ടാക്കിയ റെഗുലേഷനുകൾ എന്നർത്ഥമാകുന്നു ;

(യു) "റോഡ്" എന്നാൽ **1999**-ലെ കേരള ഹൈവേ സംരക്ഷണ ആക്ററിലെ (**2000**-ലെ **6**) **3**-ാം വകുപ്പ് പ്രകാരം ഒരു ഹൈവേ ആയി പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും റോഡോ പാതയോ ഭൂമിയോ എന്നർത്ഥമാകുന്നതും അതിൽ ഒരു റോഡിന്റെ നിർമ്മാണത്തിനുവേണ്ടി ഏറെറടുത്തതോ അതിർത്തി നിർണ്ണയിച്ചതോ ആയ ഏതൊരു ഭൂമിയും ഉൾപ്പെടുന്നതുമാകുന്നു ;

(വി) “ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നർത്ഥമാകുന്നു ;

(ഡബ്ല്യൂ) “റോഡിന്റെയോ പാലത്തിന്റെയോ ഭാഗം” എന്നാൽ സർക്കാർ ഗസററിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതും യൂസർ ഫീസ് ചുമത്തേണ്ടുന്നതുമായ റോഡിന്റെയോ പാലത്തിന്റെയോ അഥവാ രണ്ടിന്റെയുമോ തുടർച്ചയായ ഒരു ഭാഗം എന്നർത്ഥമാകുന്നു ;

(എക്സ്) "മുൻഗണനാ വായ്പ" എന്നാൽ ആസ്തിയിൻമേൽ മററു വായ്പകൾക്കുള്ള അവകാശങ്ങളേക്കാൾ മുൻഗണനാവകാശമുള്ളതും ധനം ലഭ്യമാക്കുന്നതിനുള്ള കരാറിൽ അപ്രകാരം പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതുമായ ഒരു വായ്പ എന്നർത്ഥമാകുന്നു ;

(വൈ) “സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു ;

(ഇസഡ്) “അനുബന്ധവായ്പ" എന്നാൽ ഒരു വായ്പയെ സംബന്ധിച്ച് ആസ്തിയിൻമേലുള്ള അവകാശം മറ്റൊരു വായ്പയെ സംബന്ധിച്ച ആ ആസ്തിയിൻമേലുള്ള അവകാശത്തിനു ശേഷമുള്ളതും ധനം ലഭ്യമാക്കുന്നതിനുള്ള ഉടമ്പടിയിൽ അത് അപ്രകാരമായിരിക്കുമെന്ന് വിനിർദ്ദേശിച്ചിട്ടുള്ളതുമായ ഒരു വായ്പ എന്നർത്ഥമാകുന്നു;

(എഎ) "സബ്സിഡി" എന്നാൽ പണമായോ ഉല്പന്നമായോ ഫണ്ടിൽ നിന്നും ലഭ്യമാക്കുന്ന ധനസഹായം എന്നർത്ഥമാകുന്നു ;

(എബി) “ഗതാഗത സൗകര്യം" എന്നാൽ അതതുസംഗതിയെ ആശ്രയിച്ച് അപ്രോച്ച് റോഡുകളും എക്സിററ് റോഡുകളും ഉൾപ്പെടെയുള്ള ഒരു പാലമോ, തുരങ്കമോ, റോഡോ, റോഡിന്റേയോ പാലത്തിന്റേയോ, തുരങ്കത്തിന്റേയോ ഏതെങ്കിലും ഭാഗമോ അവയിൽ എല്ലാററിന്റെയുമോ അഥവാ ചിലതിന്റെയോ പ്രത്യേക സംയോജനമോ എന്നർത്ഥമാകുന്നു ;

(എസി) “ഗതാഗത സൗകര്യത്തിന്റെ ഉപയോഗം” എന്നാൽ അതതു സംഗതിയെ ആശ്രയിച്ച് അപ്രോച്ച് റോഡുകളും എക്സിററ് റോഡുകളും ഉൾപ്പെടെയുള്ള ഒരു പാലത്തിലൂടെയോ തുരങ്കത്തിലൂടെയോ ഉള്ള കടന്നു പോകൽ അഥവാ റോഡിലൂടെയോ പാലത്തിന്റെയോ തുരങ്കത്തിന്റെയോ റോഡിന്റെയോ ഭാഗത്തിലൂടെയോ അഥവാ അവയിൽ എല്ലാത്തിന്റെയുമോ അഥവാ ചിലതിന്റെ പ്രത്യേക സംയോജനത്തിലൂടെയോ ഉള്ള കടന്നു പോകൽ എന്നർത്ഥമാകുന്നു ;

(എഡി) “യൂസർ ഫീസ്" എന്നാൽ ഈ ആക്ററിലെ വ്യവസ്ഥകൾക്കനുസൃതമായി പിരിച്ചെടുക്കുന്ന യൂസർ ഫീസ് എന്നർത്ഥമാകുന്നു.

അദ്ധ്യായം II

കേരള റോഡ് ഫണ്ട് ബോർഡ്

3. കേരള റോഡ് ഫണ്ട് ബോർഡിന്റെ രൂപീകരണവും ഘടനയും.—**(1)** ഈ ആക്റ്റ് നിലവിൽ വന്ന് എത്രയും വേഗത്തിൽ സർക്കാരിന് ഗസററ് വിജ്ഞാപനം വഴി, “കേരള റോഡ് ഫണ്ട് ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ്, ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്ഥാവര ജംഗമ സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കയ്യൊഴിയുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനുമുള്ള അധികാരത്തോടു കൂടിയതും, പ്രസ്തുത പേരിൽ

വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതുമായ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതാണ്.

(3) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) മുഖ്യമന്ത്രി—എക്സ്-ഒഫിഷ്യോ ; അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ്;

(ബി) പൊതുമരാമത്തിന്റെ ചുമതലയുള്ള മന്ത്രി— എക്സ്-ഒഫിഷ്യോ ; അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാനായിരിക്കുന്നതാണ്;

(സി) ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി— എക്സ്-ഒഫിഷ്യോ ;

(ഡി) ഗതാഗത വകുപ്പിന്റെ ചുമതലയുള്ള മന്ത്രി— എക്സ്-ഒഫിഷ്യോ ;

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയുള്ള ഗവൺമെൻറ് പ്രിൻസിപ്പൽ സെക്രട്ടറി— എക്സ്-ഒഫിഷ്യോ ; അദ്ദേഹം ബോർഡിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്;

(എഫ്) നിയമവകുപ്പ് സെക്രട്ടറി—എക്സ്-ഒഫിഷ്യോ ;

(ജി) ചീഫ് എഞ്ചിനീയർ , റോഡുകളും പാലങ്ങളും—എക്സ്-ഒഫിഷ്യോ ;

(എച്ച്) ഷെഡ്യൂൾഡ് ബാങ്കുകളുടെയോ അടിസ്ഥാന സൗകര്യത്തിന്റെ പ്രവർത്തനമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെയോ തലവൻമാരിൽ നിന്നോ ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സാങ്കേതിക വിദഗ്ദ്ധൻമാരിൽ നിന്നോ എഞ്ചിനീയർമാരിൽ നിന്നോ സർക്കാർ നർമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ.

(4) ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ സർക്കാരിന് ഇഷ്ടമുള്ള കാലം ഉദ്യോഗം വഹിക്കുന്നതാണ്.

(5) നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരു അംഗത്തിനും ഏത് സമയത്തും ബോർഡിന്റെ ചെയർമാന് കത്ത് നൽകിക്കൊണ്ട് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(6) ബോർഡിന് താഴെപ്പറയുന്ന അംഗങ്ങളോടുകൂടിയ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) പൊതുമരാമത്തിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാനായിരിക്കുന്നതാണ്;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി- എക്സ്-ഒഫിഷ്യോ; അദ്ദേഹം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ വൈസ് ചെയർമാനായിരിക്കുന്നതാണ്;

(സി) ഗവൺമെന്റ് ധനകാര്യ വകുപ്പ് സെക്രട്ടറി- എക്സ്- ഒഫിഷ്യോ ;

(ഡി) നിയമവകുപ്പ് സെക്രട്ടറി- എക്സ്-ഒഫിഷ്യോ;

(ഇ) ചീഫ് എഞ്ചിനീയർ, റോഡുകളും പാലങ്ങളും- എക്സ്-ഒഫിഷ്യോ;

(എഫ്) ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കിടയിൽ നിന്നും ബോർഡ് നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ.

(7) ബോർഡിന്റെ ചെയർമാനോ എക്സിക്യൂട്ടീവ് കമ്മിറ്റിയോ അതതുസംഗതിപോലെ, തീരുമാനിക്കാവുന്ന പ്രകാരം ബോർഡ് / എക്സിക്യൂട്ടീവ് കമ്മിറ്റിയും അപ്രകാരമുള്ള സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം യോഗങ്ങളിലെ കോറമുൾപ്പെടെ അവയുടെ ബിസിനസ്സ് സംബന്ധിച്ച കാര്യങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(8) ബോർഡിന്റേയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഒരു യോഗത്തിൽ ഹാജരായി വോട്ടുചെയ്യുന്ന അംഗങ്ങളിൽ ഭൂരിപക്ഷപ്രകാരം എല്ലാ കാര്യങ്ങളും തീരുമാനിക്കേണ്ടതാണ്.

(9) ബോർഡിനോ എക്സിക്യൂട്ടീവ് കമ്മിറ്റിക്കോ ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി ഏതെങ്കിലും വ്യക്തിയുടെ സഹായമോ ഉപദേശമോ ആവശ്യമുണ്ടെങ്കിൽ റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അങ്ങനെയുള്ള ഉദ്ദേശങ്ങൾക്കുമായി, അതതുസംഗതിപോലെ, ബോർഡിനോടോ എക്സിക്യൂട്ടീവ് കമ്മിറ്റിയോടോ ആ വ്യക്തിയെ സഹകരിപ്പിക്കാവുന്നതും അങ്ങനെ സഹകരിപ്പിച്ച വ്യക്തിക്ക്, അതതുസംഗതിപോലെ, ബോർഡിന്റെയോ, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ പങ്കെടുക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ആ വ്യക്തിക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

(10) ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകളുടെ നിർവ്വഹണത്തിൽ പ്രോജക്റ്റ് മാനേജ്മെന്റ് ഏജൻസി ആവശ്യമായ സഹായം ബോർഡിന് നൽകേണ്ടതാണ്.

4. ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—ബോർഡിന് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഫണ്ടിൽ നിന്നും ഗതാഗത സൗകര്യ പദ്ധതികൾക്ക് ഏതടിസ്ഥാനത്തിൽ ധനസഹായം നൽകണമെന്നതിന്റെ മാനദണ്ഡങ്ങൾക്ക് രൂപം നൽകുക ;

(ബി) ഗതാഗത സൗകര്യ പദ്ധതികൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുക;

(സി) ബോർഡിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ പണം കടം വാങ്ങുക;

(ഡി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

5. എക്സിക്യൂട്ടീവ് കമ്മിററിയുടെ അധികാരങ്ങളും ചുമതലകളും.—(1) എക്സിക്യൂട്ടീവ് കമ്മിററിക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ബോർഡ് രൂപം നൽകിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഗതാഗതസൗകര്യ പദ്ധതിയെ അധികരിച്ചുള്ള ഒരു കൺസഷൻ കരാറിന് അംഗീകാരം നൽകുക;

(ബി) ഗതാഗതസൗകര്യനിർമ്മാണത്തിനായി ഒരു സർക്കാർ ഏജൻസിക്കോ ഒരു കൺസഷനേർക്കോ ഫണ്ട് അനുവദിക്കുകയും അപ്രകാരമുള്ള ഗതാഗത സൗകര്യ പദ്ധതികളും അവയിൻമേലുള്ള ചെലവും നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക.

(2) എക്സിക്യൂട്ടീവ് കമ്മിററി, ബോർഡ് ഏർപ്പെടുത്തുന്നതായ നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും പരിമിതികൾക്കും വിധേയമായി ഈ ആക്ററ് പ്രകാരമുള്ള ബോർഡിന്റെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങളും ചുമതലകളും കൂടി വിനിയോഗിക്കേണ്ടതാണ്.

(3) റഗുലേഷനുകളാൽ വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും കൂടി എക്സിക്യൂട്ടീവ് കമ്മിററി വിനിയോഗിക്കേണ്ടതാണ്.

അദ്ധ്യായം III

കേരള റോഡ് ഫണ്ട്

6. ഫണ്ടിന്റെ രൂപീകരണം.—(1) ബോർഡ് രൂപീകരിച്ചതിനുശേഷം കഴിയുന്നത്ര വേഗം, കേരള റോഡ് ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണ്.

(2) ഫണ്ടിലേക്ക്,—

(എ) 2000-ലെ കേന്ദ്ര റോഡ് ഫണ്ട് ആക്റ്റ് (2000-ലെ 54-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രൂപീകരിക്കപ്പെട്ട കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും ലഭിക്കുന്ന എല്ലാ തുകകളും ;

(ബി) (3)-ാം ഉപവകുപ്പു പ്രകാരം സർക്കാർ നൽകുന്ന അംശദായവും;

(സി) 1999- ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിലെ (2000-ലെ 6) വ്യവസ്ഥകൾ പ്രകാരം സർക്കാർ പിരിച്ചെടുക്കുന്ന എല്ലാ ഫീസുകളും മറ്റ് പിഴകളും തുകകളും;

(ഡി) കൺസഷൻ എഗ്രിമെന്റ് പ്രകാരം കൺസഷനേർ നൽകുന്ന എല്ലാ തുകകളും;

(ഇ) 1976-ലെ കേരള ടോൾ ആക്റ്റിലെ (1977-ലെ 6) 12-ാം വകുപ്പ് പ്രകാരം രൂപീകരിച്ച, പാലങ്ങളെ സംബന്ധിച്ച ഫണ്ടിൽ വകകൊളളിക്കുന്ന എല്ലാ തുകകളും;

(എഫ്) ഈ ആക്റ്റുപ്രകാരം സർക്കാർ ഏജൻസിയോ സ്റ്റാറ്റ്യൂട്ടറി ബോഡിയോ പിരിച്ചെടുക്കുന്ന യൂസർ ഫീസും;

(ജി) ഇൻഡ്യാ ഗവൺമെന്റോ മറ്റ് ഏതെങ്കിലും സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളും;

(ഐ) സർക്കാർ ഏജൻസി അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ബോഡി മുഖേനയോ ബോർഡ് നേരിട്ടോ നൽകുന്ന നിക്ഷേപങ്ങളിലെ എല്ലാ ആദായങ്ങളും;

(ജെ) ബോർഡ് കടം വാങ്ങുന്ന ഏതൊരു തുകയും;

(കെ) ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉള്ള വ്യവസ്ഥകൾ പ്രകാരം ഈ ഫണ്ടിലേക്ക് വരവുവയ്ക്കാൻ അധികാരപ്പെടുത്തിയ മറ്റേതൊരു തുകയും വരവുവയ്ക്കേണ്ടതാണ്.

(3) 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലെ (1976-ലെ 19) വ്യവസ്ഥകൾ പ്രകാരം മുൻവർഷത്തിൽ പിരിച്ചെടുത്ത നികുതിയുടെ പത്ത് ശതമാനത്തിനു തുല്യമായ ഒരു തുക ഓരോ വർഷവും ഫണ്ടിലേക്ക് നൽകേണ്ടതും പ്രസ്തുത തുക സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ ചാർജ്ജുചെയ്തിരിക്കുന്നതുമാണ്.

(4) ഫണ്ടിന്റെ ക്രെഡിറ്റിലുള്ള തുക താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) ബോർഡ് അംഗീകരിച്ച യാത്രാസൗകര്യങ്ങളെ സംബന്ധിച്ച് സർക്കാർ ഏജൻസിക്കുവേണ്ടി കൺസഷനേർക്ക് സാമ്പത്തിക സഹായം നൽകുന്നതിന്;

(ബി) ഏതൊരു വികസന ചെലവും നേരിടുന്നതിന്;

(സി) ബോർഡിന്റെ ഭരണപരമായ ചെലവുകൾ വഹിക്കുന്നതിന്;

(ഡി) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും ചെലവ് നേരിടുന്നതിന്.

(5) സാമ്പത്തികവർഷത്തിന്റെ അവസാനം ഫണ്ടിന്റെ ക്രെഡിറ്റിൽ മിച്ചംവരുന്ന തുക ലാപ്സാകുന്നതല്ല.

(6) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ളതും ഫണ്ടിന്റെ ഭാഗമാകുന്നതുമായ എല്ലാ തുകകളും ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ അല്ലെങ്കിൽ ഷെഡ്യൂൾഡ് ബാങ്കിലോ സംസ്ഥാന സഹകരണ ബാങ്കിലോ അല്ലെങ്കിൽ ജില്ലാ സഹകരണ ബാങ്കിലോ അല്ലെങ്കിൽ ബോർഡ് തീരുമാനിച്ചേക്കാവുന്ന മറ്റേതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് റഗുലേഷനുകളാൽ വിനിർദ്ദേശിക്കപ്പെടാവുന്ന രീതിയിൽ ബോർഡിന്റെ മെമ്പർ സെക്രട്ടറി കൈകാര്യം ചെയ്യേണ്ടതുമാണ്:

എന്നാൽ ബോർഡിന്, ഉടനെയുള്ള ഉപയോഗത്തിന് ആവശ്യമില്ലാത്ത ഏതൊരു തുകയും ബോർഡ് അംഗീകരിക്കുന്ന സെക്യൂരിറ്റികളിലോ കടപ്പത്രങ്ങളിലോ നിക്ഷേപിക്കാവുന്നതാണ്.

7. <u>അക്കൗണ്ടും ആഡിറ്റും</u>.—(1) ബോർഡ്, റഗുലേഷനുകളിൽ നിർദ്ദേശിക്കപ്പെടാവുന്ന ഫാറത്തിലും രീതിയിലും, അക്കൗണ്ട് ബുക്കുകളും അതിന്റെ കണക്കുകളുമായി ബന്ധപ്പെട്ട മറ്റു ബുക്കുകളും വയ്പിക്കേണ്ടതും കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റുമെന്റും ബാലൻസ്ഷീറ്റും തയ്യാറാക്കേണ്ടതുമാണ്.

(2) സർക്കാരിന്റെ അനുവാദത്തോടുകൂടി ബോർഡ് നിയമിച്ച ആഡിറ്റർ ബോർഡിന്റെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യേണ്ടതാണ്.

(3) ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ ബോർഡിന്റെ അക്കൗണ്ടുകൾ അതിൻമേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം വർഷംതോറും സർക്കാരിന് അയച്ചു കൊടുക്കേണ്ടതും അവർ അത് വർഷംതോറും നിയമസഭ മുൻപാകെ വയ്പിക്കേണ്ടതുമാണ്.

അദ്ധ്യായം IV

ഗതാഗത സൗകര്യങ്ങളുടെ നിർമ്മാണവും യൂസർ ഫീസ് ചുമത്തലും

8. കൺസഷൻ എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് സർക്കാർ ഏജൻസികൾക്കും സ്റ്റാറ്റ്യൂട്ടറി ബോർഡുകൾക്കുമുള്ള അധികാരം.—(1) 1999-ലെ കേരള ഹൈവേ സംരക്ഷണ നിയമത്തിലോ (2000-ലെ 6) തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി ഗതാഗത സൗകര്യങ്ങളുടെ നിർമ്മാണത്തിനായി ഏതെങ്കിലും സർക്കാർ ഏജൻസിക്കോ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും സ്ററാറ്റ്യൂട്ടറി ബോഡിക്കോ കൺസഷൻ എഗ്രിമെന്റിൽ ഏർപ്പൊടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു എഗ്രിമെൻറിൽ ഏർപ്പെടുമ്പോൾ ഗതാഗതസൗകര്യങ്ങളുടെ പൂർണ്ണമോ ഭാഗികമോ ആയ നിർമ്മാണം, അററകുററപ്പണി, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്ക് വേണ്ടിവരുന്ന ചെലവും, മുതൽമുടക്കിൻമേലുള്ള പലിശയും, ന്യായമായ ആദായവും, ഗതാഗതത്തിന്റെ ബാഹുല്യവും, എഗ്രിമെൻറ് കാലാവധിയും കണക്കിലെടുത്ത് കൺസഷൻ എഗ്രിമെൻറ് വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് കൺസഷനേറോ സർക്കാർ ഏജൻസിയോ സ്ററാറ്റ്യൂട്ടറി ബോഡിയോ നൽകുന്ന സേവനങ്ങൾക്കോ ആനുകൂല്യങ്ങൾക്കോ ബോർഡ് നിശ്ചയിക്കുന്ന നിരക്കിലുള്ള യൂസർഫീസ്, ഗതാഗത സൗകര്യം ഉപയോഗപ്പെടുത്തുന്ന ഒരു മോട്ടോർ വാഹനത്തിൻമേൽ ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും അയാൾക്ക് 'അവകാശമുണ്ടായിരിക്കുന്നതാണ് :

എന്നാൽ, കൺസഷനേർ , പിരിച്ചെടുക്കുന്ന യൂസർഫീസ് ആയാൾ കൈവശം വയ്ക്കേണ്ടതും കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഉപയോഗിക്കേണ്ടതുമാണ്.

(3) 1988-ലെ മോട്ടോർ വാഹന ആക്ടിലെ (1988-ലെ 59-ാം കേന്ദ്ര ആക്ട്) VIII-ാം അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ച്, കൺസഷൻ

എഗ്രിമെൻറിലെ പ്രതിപാദ്യ വിഷയമായ റോഡുകളുടേയോ അപ്രോച്ച് റോഡുകളും എക്സിററ് റോഡുകളും ഉൾപ്പെടെയുള്ള പാലങ്ങളുടേയോ തുരങ്കങ്ങളുടേയോ ശരിയായ നടത്തിപ്പിനുവേണ്ടി ഗതാഗതം ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കൺസഷനേർക്കോ സർക്കാർ ഏജൻസിക്കോ സ്ററാറ്റ്യൂട്ടറി ബോഡിക്കോ, അതതു സംഗതിപോലെ, അധികാരമുണ്ടായിരിക്കുന്നതാണ്.

9. ഗതാഗത സൗകര്യ പദ്ധതികളുടെ അംഗീകാരം.—**(1)** ഒരു ഗതാഗത സൗകര്യത്തിന്റെ ധനസഹായം നൽകൽ, നിർമ്മാണം, പുനർ നിർമ്മാണം, വികസനം, അററകുററപ്പണി, പരിപാലനം, പ്രവർത്തനം എന്നിവയിൽ ഒരു കക്ഷിയെ പങ്കാളിയാക്കാനുള്ള സർക്കാർ ഏജൻസിയുടെയോ സ്ററാററ്യൂട്ടറി ബോഡിയുടെയോ നിർദ്ദേശം റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങൾ സഹിതം പ്രോജക്ട് മാനേജ്മെന്റ് ഏജൻസി മുഖേന മെമ്പർ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(2) **(1)**-ാം ഉപവകുപ്പ് പ്രകാരമുള്ള നിർദ്ദേശം കിട്ടി, കഴിയുന്നത്ര വേഗം മെമ്പർ സെക്രട്ടറി, ആയത് എക്സിക്യൂട്ടീവ് കമ്മിററിയുടെ പരിഗണനയ്ക്കായി വയ്ക്കേണ്ടതാണ്.

(3) എക്സിക്യൂട്ടീവ് കമ്മിററി, കൺസഷൻ എഗ്രിമെൻറിനോടൊപ്പം അത് പരിഗണിക്കേണ്ടതും എന്തെങ്കിലും മാററങ്ങളോ ശുപാർശകളോ ഉണ്ടെങ്കിൽ ആയതുസഹിതം കൺസഷൻ എഗ്രിമെൻറിനോടൊപ്പം സർക്കാർ ഏജൻസിക്കോ ബന്ധപ്പെട്ട സ്ററാററ്യൂട്ടറി ബോഡിക്കോ തിരിച്ചയയ്ക്കേണ്ടതുമാണ്.

(4) ബോർഡിനും സർക്കാർ ഏജൻസിക്കും ബന്ധപ്പെട്ട സ്ററാറ്റ്യൂട്ടറി ബോഡിക്കും ഗതാഗതസൗകര്യ നിർമ്മാണത്തിനും സാമ്പത്തിക സഹായത്തിനുംവേണ്ടി, മൽസരാധിഷ്ടിതമായ ഒരു പൊതുലേലത്തിലൂടെയോ നിർണ്ണയിക്കപ്പെട്ട രീതിയിലൂടെയോ തെരഞ്ഞെടുക്കുന്ന വ്യക്തിയുമായി ഒരു കൺസഷൻ എഗ്രിമെന്റിൽ ഏർപ്പെടാവുന്നതാണ്.

(5) **8**-ാം വകുപ്പ **(2)**-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള യൂസർ ഫീസ്, പണപ്പെരുപ്പ് നിരക്ക്, വിദേശ വിനിമയ നിരക്കിലുള്ള വ്യതിയാനം, അങ്ങനെയുള്ള മററ് വസ്തുതകൾ എന്നിവ പരിഗണിച്ചു കൊണ്ട് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ബോർഡിന് പുതുക്കി നിശ്ചയിക്കാവുന്നതാണെന്ന് കൺസഷൻ എഗ്രിമെൻറിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

10. സർക്കാരിൽ നിന്നുമുള്ള സഹായം മുതലായവ.—സർക്കാരോ സർക്കാർ ഏജൻസിയോ, ബോർഡോ, സ്റ്റാററ്യൂട്ടറി ബോഡിയോ, ഒരു കൺസഷനേർക്കോ സർക്കാർ ഏജൻസിക്കോ സ്ററാറ്റ്യൂട്ടറി ബോഡിക്കോ ഗതാഗത സൗകര്യ

നിർമ്മാണത്തിനും സാമ്പത്തിക സഹായം നൽകുന്നതിനും വേണ്ടി താഴെ പറയുന്ന രീതിയിലുള്ള സഹായം നൽകാവുന്നതാണ് , അതായത്:—

(എ) ധനപരമായ സഹായങ്ങൾ,—

(i) ഗതാഗതസൗകര്യത്തിന്റെ മൊത്തം ഇക്യുറ്റിയുടെ നാൽപ്പത്തി ഒൻപത് ശതമാനത്തിൽ കവിയാതെയുള്ള ഇക്യുററിയുടെ വിഹിതത്തിൽ പങ്കാളിയാകൽ;

(ii) ഗതാഗത സൗകര്യത്തിന്റെ ചെലവിന്റെ ഇരുപത്തി അഞ്ചു ശതമാനത്തിൽ കവിയാതെയുള്ള തുക സബ്സിഡി നൽകൽ;

(iii) മുൻഗണനാ വായ്പകളോ അനുബന്ധ വായ്പകളോ നൽകൽ;

(iv) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും രീതിയിൽ;

(ബി) ധനപരമല്ലാത്ത സഹായങ്ങൾ,—

(i) കൺസഷൻ എഗ്രിമെന്റിൽ നിന്ന് ഉൽഭവിക്കുന്ന ബാദ്ധ്യതകൾക്ക് ജാമ്യം നൽകൽ;

(ii) ഏതെങ്കിലും വസ്തുവിന്റെ വികസനത്തിനുള്ള അവകാശം നൽകൽ; അഥവാ

(iii) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും രീതിയിൽ;

(സി) മറ്റ് സഹായങ്ങൾ,—

(i) എസ്ക്രോ അക്കൗണ്ടുകളുടെ പ്രവർത്തനം ആരംഭിക്കൽ;

(ii) സർക്കാർ ഒപ്പിട്ട ഒരു സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിന്റെ രൂപത്തിൽ സർക്കാരിൽ നിന്നും പദ്ധതി പിന്തുണ ലഭിക്കുന്നതിന് സഹായം നൽകൽ;

(iii) ഏതെങ്കിലും നിയമപ്രകാരം സർക്കാർ ചുമത്തിയ നികുതി അല്ലെങ്കിൽ ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുകയോ ഒടുക്കുന്നതു മാറ്റിവയ്ക്കാൻ സൗകര്യപ്പെടുത്തുകകയോ ചെയ്യുന്ന രീതിയിൽ സഹായം നൽകൽ; അഥവാ

(iv) നിർണ്ണയിക്കപ്പെടാവുന്ന മറ്റു രീതിയിൽ.

11. <u>ഗതാഗത സൗകര്യത്തിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനും വേണ്ടിയുള്ള സാമ്പത്തിക സുരക്ഷിതത്വം.</u>— ഒരു കൺസഷൻ എഗ്രിമെൻറിൽ, കൺസഷനേർ നിർമ്മിച്ച ഒരു ഗതാഗത സൗകര്യം എഗ്രിമെന്റിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിലേക്ക് അയാൾതന്നെ നടത്തുകയും പരിപാലിച്ചുപോരുകയും ചെയ്യണമെന്നുള്ള ഒരു വ്യവസ്ഥയുള്ളിടത്ത്, കൺസഷനേർ ഒരു എസ്ക്രോ അക്കൗണ്ട്

തുടങ്ങേണ്ടതും കൺസഷൻ എഗ്രിമെന്റിലേയോ മറ്റേതെങ്കിലും എഗ്രിമെന്റിലേയോ വ്യവസ്ഥയനുസരിച്ച് മാത്രം ഗതാഗതസൗകര്യം പരിപാലിച്ചു പോരുന്നതിനുള്ള തുകകൾ ചെലവഴിക്കേണ്ടതുമാണ്.

12. ചില അവകാശങ്ങളുടെ കൈമാറ്റം.—കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾക്കനുസൃതമായി സർക്കാരിലേക്കോ സർക്കാർ ഏജൻസിയിലേക്കോ ഗതാഗതസൗകര്യം കൈമാറ്റം ചെയ്യുന്നിടത്ത് ഗതാഗതസൗകര്യത്തെ സംബന്ധിച്ചുള്ള കൺസഷനേറുടെ എല്ലാ അവകാശങ്ങളും, സർക്കാരിലേക്കോ സർക്കാർ ഏജൻസിയിലേക്കോ അതതു സംഗതിപോലെ കൈമാറ്റം ചെയ്യപ്പെടുന്നതാണ്.

13. കൺസഷൻ എഗ്രിമെന്റ് അവസാനിപ്പിക്കൽ.—സർക്കാർ ഏജൻസിയോ സ്റ്റാറ്റ്യൂട്ടറി ബോഡിയോ കൺസഷനേറുടെ സമ്മതം കൂടാതെയോ കൺസഷനേറിന്റെ ഏതെങ്കിലും വീഴ്ച മൂലമല്ലാതെയോ ഒരു കൺസഷൻ എഗ്രിമെന്റ് അവസാനിപ്പിക്കുന്നിടത്ത്, അങ്ങനെയുള്ള അവസാനിപ്പിക്കലിന് കൺസഷൻ എഗ്രിമെന്റിൽ വിനിർദ്ദേശിച്ചിട്ടുള്ള നഷ്ടപരിഹാര തുകയ്ക്ക് കൺസഷനേർക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) കൺസഷൻ എഗ്രിമെന്റിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു വീഴ്ച കൺസഷനേർ വരുത്തുകയാണെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, കൺസഷനേർക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം, സർക്കാർ ഏജൻസിക്കോ ബോർഡിനോ സ്റ്റാറ്റ്യൂട്ടറി ബോഡിക്കോ കൺസഷൻ എഗ്രിമെന്റ് അവസാനിപ്പിക്കുവാൻ അവകാശമുണ്ടായിരിക്കുമെന്നും,—

(എ) കൺസഷനേർ ഇക്യുറ്റികളിൽ നിക്ഷേപിച്ചിട്ടുള്ള തുക മടക്കിക്കൊടുക്കാതെ ഗതാഗത സൗകര്യത്തെ ഏറ്റെടുക്കുന്നതിനും ഗതാഗത സൗകര്യത്തെ സംബന്ധിച്ച് കൺസഷനേർ എടുത്ത വായ്പകളിലേക്കുള്ള അയാളുടെ ബാദ്ധ്യത ഏററെടുക്കുന്നതിനും;

(ബി) അപ്രകാരം അവസാനിപ്പിക്കപ്പെട്ട കൺസഷൻ എഗ്രിമെന്റിൽ വിനിർദ്ദേശിച്ചിട്ടുള്ള അതേ നിബന്ധനകളും ഉപാധികളും പ്രകാരം ബോർഡ് ശുപാർശ ചെയ്യുന്ന മറ്റൊരു കക്ഷിയുമായി കൺസഷൻ എഗ്രിമെന്റിൽ ഏർപ്പെടുന്നതിനും,

എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

14. യൂസർ ഫീസ് പിരിച്ചെടുക്കൽ.—**(1)** ഈ ആക്റ്റ് പ്രകാരം ചുമത്താവുന്ന യൂസർ ഫീസ്, കൺസഷൻ എഗ്രിമെൻറിൽ പറഞ്ഞേക്കാവുന്ന കാലാവധിയിൽ റഗുലേഷൻ വഴി നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ കൺസഷനേറും ഏജന്റുമാരും ജീവനക്കാരും സബ് കോണട്രാക്ടർമാരും പിരിച്ചെടുക്കേണ്ടതാണ്.

(2) ഈ വകുപ്പിൻകീഴിൽ യൂസർ ഫീസിന്റെ നടത്തിപ്പും പിരിവും സംബന്ധിച്ച് നിയമിക്കപ്പെട്ടിട്ടുള്ള ഏതൊരാളും, അടിസ്ഥാന നികുതി പിരിക്കുന്നതിന്

നിയോഗിക്കപ്പെട്ടിരുന്നെങ്കിൽ ആയാൾക്ക് ഉണ്ടായിരിക്കുമായിരുന്ന അതേ ഉത്തരവാദിത്വം നിറവേറ്റേണ്ടതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിൽ അടിസ്ഥാന നികുതി എന്നാൽ **1961**-ലെ കേരള ഭൂനികുതി ആക്ട് (**1961**-ലെ **13**) പ്രകാരം നൽകേണ്ടതായ അടിസ്ഥാന നികുതി എന്നർത്ഥമാകുന്നു.

(3) കരാർ നിരക്കിൽ കവിയാത്ത തോതിലാണ് യൂസർ ഫീസ് പിരിച്ചെടുക്കുന്നതെന്നും യൂസർ ഫീസ് പിരിച്ചെടുക്കുന്നത് തടസ്സമില്ലാതെയും ഗതാഗതസൗകര്യം ഉപയോഗിക്കുന്നവർക്ക് ക്രമരഹിതമായ വൈഷമ്യങ്ങൾ ഉണ്ടാകാതെയുമാണെന്നും ഗതാഗതസൗകര്യത്തിന്റെ യൂസർഫീസ് പിരിവുമായി ബന്ധപ്പെട്ട മറ്റെല്ലാകാര്യങ്ങളെ സംബന്ധിച്ചും കൺസഷനേർ, അതിന്റെ ഘടനയ്ക്കു വിധേയമായി, അതിന്റെ അംഗീകൃത പ്രതിനിധികൾ വഴി ഉറപ്പുവരുത്താൻ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

(4) ആവശ്യപ്പെടുമ്പോൾ യൂസർ ഫീസ് നൽകാതിരുന്ന സംഗതിയിൽ പിരിവ് നടത്തുന്ന ഏജന്റ്, ഫീസ് ചുമത്തിയ മോട്ടോർ വാഹനമോ ആ മോട്ടോർ വാഹനം വഹിക്കുന്ന ചരക്കുകളോ പിടിച്ചെടുക്കേണ്ടതും അപ്രകാരം പിടിച്ചെടുക്കുന്നത് നിമിത്തം ഉണ്ടാകാവുന്ന ചെലവുൾപ്പെടെ യൂസർ ഫീസ് ഇരുപത്തിനാല് മണിക്കൂറിനകം നൽകാത്തപക്ഷം, യൂസർ ഫീസ് പിരിവിന് മേൽനോട്ടം വഹിക്കുന്നതിനായി ഗസറ്റ് വിജ്ഞാപനംമൂലം സർക്കാർ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ മുൻപാകെ കേസ് കൊണ്ടുവരേണ്ടതുമാണ്.

(5) (4)-ാം ഉപവകുപ്പുപ്രകാരം ഒരു കേസ് ഒരു ഉദ്യോഗസ്ഥന്റെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ള സംഗതിയിൽ യൂസർ ഫീസും, അങ്ങനെ കൊടുക്കാതിരിക്കുകയും, പിടിച്ചെടുക്കുകയും, ചരക്ക് പൊതുലേലത്തിൽ വിൽക്കുകയും ചെയ്യുന്നതുമൂലമുണ്ടായ എല്ലാ ചെലവുകളും വസൂലാക്കുന്നതിനുവേണ്ടി പിടിച്ചെടുക്കപ്പെട്ട ചരക്ക് അദ്ദേഹത്തിന് പൊതുലേലത്തിൽ വിൽക്കാവുന്നതും, അങ്ങനെ വസൂലാക്കിയ ശേഷം അവശേഷിക്കുന്ന ഏതെങ്കിലും തുക, അതതു സംഗതിപോലെ, വാഹനത്തിന്റെയോ ചരക്കുകളുടെയോ ഉടമസ്ഥൻ ആവശ്യപ്പെടുമ്പോൾ തിരിച്ച് നൽകേണ്ടതുമാകുന്നു:

എന്നാൽ യഥാർത്ഥത്തിൽ വിൽപ്പന ആരംഭിക്കുന്നതിന് മുൻപ് ഏതൊരു സമയത്തും, ആരുടെ ചരക്കാണോ പിടിച്ചെടുത്തത് ആയാൾ, ഉണ്ടായ എല്ലാ ചെലവും അയാൾ നൽകേണ്ടിയിരുന്ന യൂസർ ഫീസിന്റെ ഇരട്ടിത്തുകയും കൊടുക്കുന്നപക്ഷം പിടിച്ചെടുത്ത ചരക്ക് ഉടൻ വിട്ടുകൊടുക്കേണ്ടതാണ്.

15. ഒഴിവാക്കൽ.—സർക്കാരിന് പൊതുതാല്പര്യാർത്ഥം ഈ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം യൂസർ ഫീസ് ചുമത്തുന്നതിൽ നിന്ന് ഏതൊരു മോട്ടോർ വാഹനത്തെയും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ഒഴിവാക്കാവുന്നതാണ്.

16. <u>പോലീസ് ഉദ്യോഗസ്ഥൻമാരുടെ സഹായം</u>.—ഈ ആക്റ്റിന്റെ നടത്തിപ്പിനായി ആവശ്യപ്പെടുമ്പോൾ എല്ലാ പോലീസ് ഉദ്യോഗസ്ഥൻമാരും പിരിവ് നടത്തുന്ന ഏജന്റിനെയും കൺസഷനേറിനെയും സഹായിക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതും, ആ ആവശ്യത്തിലേക്കായി അവർക്ക് അവരുടെ സാധാരണ പോലീസ് കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് അവർക്കുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

17. <u>യൂസർ ഫീസിൻമേൽ കിഴിവ് നൽകുന്നതിനുള്ള അധികാരം</u>.—ഏതൊരു കളക്റ്റിംഗ് ഏജന്റിനും, കൺസഷനേർക്കും മോട്ടോർ വാഹനമുള്ള ഒരാൾക്ക് അയാൾ ഒരു നിശ്ചിത തുക നൽകുന്ന പക്ഷം ഒരു വർഷത്തിൽ കവിയാത്ത കാലയളവിലേക്ക് റഗുലേഷനുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, ഈ ആക്റ്റ് പ്രകാരം ആ വാഹനത്തിൻമേൽ ചുമത്താവുന്ന യൂസർ ഫീസിൻമേൽ ഒരു കിഴിവ് നൽകാവുന്നതാണ്.

18. <u>ശിക്ഷകൾ</u>.—**(1)** പിരിവ് നടത്തുന്ന ഏജന്റോ , കൺസഷനേറോ അല്ലാതെ ഒരാൾ, ഏതെങ്കിലും ഗതാഗത സൗകര്യത്തിൻമേൽ ഒരു യൂസർ ഫീസ് ചുമത്തുകയോ ആവശ്യപ്പെടുകയോ ചെയ്യുന്ന പക്ഷം അയാൾ, ഒരു മജിസ്ട്രേറ്റിന്റെ കുറ്റസ്ഥാപനത്തിൻമേൽ ഒരു മാസം വരെ ആകാവുന്ന കാലത്തേക്കുള്ള തടവ് ശിക്ഷയ്ക്കോ അഞ്ഞൂറ് രൂപവരെ ആകാവുന്ന പിഴ ശിക്ഷയ്ക്കോ അഥവാ അവ രണ്ടുംകൂടിയുള്ള ശിക്ഷയ്ക്കോ വിധേയനാകുന്നതാണ്.

(2) നിയമവിരുദ്ധമായി, ഉയർന്ന നിരക്കിലുള്ള യൂസർ ഫീസ് ആവശ്യപ്പെടുകയോ അഥവാ ഈ ആക്റ്റ് പ്രകാരമെന്ന ഭാവേന, ഏതെങ്കിലും ചരക്ക് പിടിച്ചെടുക്കലോ വിൽപ്പനയോ നിയമവിരുദ്ധമാണെന്നറിഞ്ഞുകൊണ്ട് അപ്രകാരം പിടിച്ചെടുക്കുകയോ, വിൽക്കുകയോ, അഥവാ ഈ ആക്റ്റ് പ്രകാരമെന്ന ഭാവേന പണമോ വിലപിടിപ്പുള്ള ഏതെങ്കിലും സാധനമോ ഏതെങ്കിലും ആളിൽ നിന്ന് ബലാൽക്കാരമായി പിടിച്ചെടുക്കുകയോ ചെയ്യുന്ന ഏതൊരും കളക്റ്റിംഗ് ഏജന്റോ അല്ലെങ്കിൽ കൺസഷനേറോ ഒരു മജിസ്ട്രേറ്റിന്റെ കുറ്റസ്ഥാപനത്തിൻമേൽ ആറുമാസം വരെ ആകാവുന്ന തടവുശിക്ഷയ്ക്കോ രണ്ടായിരം രൂപവരെ ആകാവുന്ന പിഴ ശിക്ഷയ്ക്കോ അഥവാ അവ രണ്ടും കൂടിയുള്ള ശിക്ഷയ്ക്കോ വിധേയനാകുന്നതാണ്.

(3) **(i)** ഈ ആക്റ്റ് പ്രകാരം താൻ നൽകേണ്ടതായ യൂസർ ഫീസ് നൽകാതെ ഗതാഗത സൗകര്യത്തെ ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയോ;

(ii) ഈ ആക്റ്റിലോ അതിൻകീഴിലോ തന്നിൽ ചുമത്തിയിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ നിന്നും ഏതെങ്കിലും കളക്റ്റിംഗ് ഏജന്റിനെ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന,

ഏതൊരാളും ഒരു മജിസ്ട്രേറ്റിന്റെ കുറ്റസ്ഥാപനത്തിൻമേൽ മൂന്ന് മാസംവരെ ആകാവുന്ന തടവുശിക്ഷയ്ക്കോ ആയിരം രൂപവരെ ആകാവുന്ന പിഴശിക്ഷയ്ക്കോ അഥവാ രണ്ടും കൂടിയുള്ള ശിക്ഷയ്ക്കോ വിധേയനാകുന്നതാണ്.

(4) സർക്കാർ ഇതിലേക്കായി ചുമതലപ്പെടുത്തിയ അധികാരിയോ അതിന്റെ ഘടനയ്ക്ക് വിധേയമായി അതിൻപ്രകാരം അങ്ങനെയുള്ള ഗതാഗത സൗകര്യത്തിനുവേണ്ടി യൂസർ ഫീസ് ചുമത്തുന്ന കൺസഷനേറുടെ അംഗീകൃത പ്രതിനിധിയോ നൽകുന്ന രേഖാമൂലമുള്ള ഒരു പരാതിയിൻമേലല്ലാതെ ഈ ആക്ട് പ്രകാരമുള്ള ഏതൊരു കുറ്റവും ഒരു മജിസ്ട്രേട്ടും വിചാരണയ്ക്കെടുക്കാൻ പാടില്ലാത്തതാണ്.

19. യൂസർ ഫീസ് പട്ടികയുടെയും ശിക്ഷാവിവരങ്ങളുടെയും പ്രദർശിപ്പിക്കൽ.— ഒരു ഗതാഗത സൗകര്യത്തെ സംബന്ധിച്ച് ഈടാക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള യൂസർ ഫീസിന്റെ ഇംഗ്ലീഷിലും മലയാളത്തിലും പ്രാദേശിക ഭാഷയിലും ഉള്ള, അക്ഷരത്തിലും അക്കത്തിലും വ്യക്തമായി എഴുതിയതോ അച്ചടിച്ചതോ ആയ, ഒരു പട്ടിക അപ്രകാരമുള്ള ഗതാഗത സൗകര്യത്തിന്റെ കളക്ഷൻ ബൂത്തിനു സമീപം എല്ലാവർക്കും കാണത്തക്ക ഒരു സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.

20. നടപടിക്കുള്ള വിലക്ക്.— ഈ ആക്ട് പ്രകാരം ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ യാതൊന്നിനും, ഏതെങ്കിലും കളക്ടിംഗ് ഏജന്റിനോ കൺസഷനേർക്കോ എതിരായി യാതൊരു വ്യവഹാരമോ ശിക്ഷാനടപടിയോ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

അദ്ധ്യായം V

പലവക

21. ഉത്തമവിശ്വാസത്തോടെ ചെയ്ത നടപടികൾക്ക് സംരക്ഷണം.—ഈ ആക്ടിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ വ്യവസ്ഥകൾ പ്രകാരം ഉത്തമ വിശ്വാസത്തോടെ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച്, ബോർഡിനെതിരായോ ബോർഡിലെ ഏതെങ്കിലും അംഗത്തിനെതിരായോ, യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അഥവാ മറ്റു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

22. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.— ഈ ആക്ട് പ്രകാരമോ അതിൻ കീഴിലോ സർക്കാരോ ബോർഡോ, അഥവാ സർക്കാരോ ബോർഡോ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഒത്തുതീർപ്പാക്കുകയോ തീരുമാനിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യേണ്ടതായ ഏതെങ്കിലും പ്രശ്നമോ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതിയോ ഒത്തുതീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

23. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന് ഉത്തരവുമൂലം, സന്ദർഭം ആവശ്യപ്പെടുന്നതുപോലെ, ആ വൈഷമ്യം നീക്കുന്നതിന്

ആവശ്യമെന്ന് തോന്നുന്ന, ഈ ആക്റ്റിനോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്ത ഏതൊരു കാര്യവും ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽവന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) **(1)**-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും സംസ്ഥാന നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

24. <u>ചില പാലങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.</u>—**(1)** ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ ആരംഭത്തിനു മുൻപ് ഏതെങ്കിലും ഒരാൾ, അയാൾ സർക്കാരും, **1108**-ലെ ടൗൺ പ്ലാനിംഗ് ആക്റ്റിന്റെയോ (**1108**-ലെ **IV**) **1920**-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്റ്റിന്റെയോ (**1920**-ലെ **VII**) കീഴിൽ രൂപീകരിച്ചിട്ടുള്ള ഒരു വികസന അതോറിറ്റിയുമായും ഉണ്ടാക്കിയ കരാർ അനുസരിച്ച് നിർമ്മാണ നിർവ്വഹണ കൈമാറ്റ അടിസ്ഥാനത്തിൽ ഏതെങ്കിലും പാലം നിർമ്മിച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള കരാർ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നടത്തിയതാണെന്ന് കരുതപ്പെടേണ്ടതും അയാൾക്ക് അങ്ങനെയുള്ള പാലത്തിൽ പ്രവേശിക്കുന്ന എല്ലാ വാഹനങ്ങളിൽ നിന്നും ഒരു യൂസർ ഫീസ് ചുമത്താവുന്നതും പിരിക്കാവുന്നതുമാണ്.

(2) **(1)**-ാം ഉപവകുപ്പുപ്രകാരം ചുമത്താവുന്ന യൂസർ ഫീസ് കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി സർക്കാർ വിജ്ഞാപനംമൂലം പ്രഖ്യാപിക്കാവുന്ന അതതു നിരക്കുകളിലും അതതു കാലയളവിലേക്കും ആയിരിക്കേണ്ടതാണ്.

(3) **(1)**-ാം ഉപവകുപ്പിൻ കീഴിലെ യൂസർ ഫീസ് പിരിക്കുന്നതിന്, **8**-ാം വകുപ്പിന്റെ **(3)**-ാം ഉപവകുപ്പിലേയും **14** മുതൽ **20** വരെയുള്ള വകുപ്പുകളിലേയും, **23**-ാം വകുപ്പിലേയും വ്യവസ്ഥകൾ ആവശ്യമായ മാറ്റങ്ങളോടുകൂടി ഉപയോഗിക്കാവുന്നതാണ്.

25. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.</u>—**(1)** ഗവൺമെന്റിന് ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അപ്രകാരമുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നത്,—

(എ) ബോർഡിലെ അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും, മറ്റു സേവന വ്യവസ്ഥകളും ;

(ബി) ബോർഡിന്റെയും മെമ്പർ സെക്രട്ടറിയുടെയും ബോർഡിലെ മറ്റംഗങ്ങളുടെയും അധികാരങ്ങളും ചുമതലകളും;

(സി) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഓരോ ചട്ടവും അതുണ്ടാക്കിയ ശേഷം എത്രയുംവേഗം നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിനാല് ദിവസത്തേക്ക് അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാം- വയ്ക്കേണ്ടതും, അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും മാറ്റം വരുത്തുകയോ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ മാറ്റം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും മാറ്റം വരുത്തലോ അസാധുവാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാദ്ധ്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാകുന്നു.

<u>26. റഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം.</u>—(1) ബോർഡിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അതിനെ സഹായിക്കുന്നതിനായി ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാതെ റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ച്, മേൽപ്പറഞ്ഞ അധികാരത്തിന് ഭംഗം വരാതെയും , ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വേണ്ടി അപ്രകാരമുള്ള റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) ഈ ആക്റ്റ് പ്രകാരം ബോർഡ്, കാര്യനിർവ്വഹണം സംബന്ധിച്ച് അതിന്റെ യോഗങ്ങളിൽ പാലിക്കേണ്ട നടപടിക്രമവും ബോർഡ് യോഗങ്ങളുടെ സമയവും സ്ഥലവും;

(ബി) യൂസർ ഫീസ് നിരക്കും പിരിച്ചെടുക്കുന്ന രീതിയും;

(സി) ബോർഡിന്റെ സംഗതികളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി ആവശ്യമായതും ആവശ്യമായേക്കാവുന്നതുമായ മറ്റേതെങ്കിലും സംഗതികൾ.

27. <u>വാർഷിക റിപ്പോർട്ട്.</u>—(1) ബോർഡ്, ഓരോ സാമ്പത്തിക വർഷവും റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള ഫാറത്തിലും, സമയത്തും, മുൻ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ ശരിയായതും പൂർണ്ണമായതുമായ കണക്കുകൾ കാണിക്കുന്ന ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും, അങ്ങനെയുള്ള റിപ്പോർട്ടിന്റെ പകർപ്പുകൾ സംസ്ഥാന സർക്കാരിന് അയച്ചു കൊടുക്കേണ്ടതുമാണ്.

(2) സംസ്ഥാന സർക്കാർ, അങ്ങനെയുള്ള എല്ലാ റിപ്പോർട്ടുകളും, അതു ലഭിച്ചതിനുശേഷം കഴിയുന്നത്ര വേഗം സംസ്ഥാന നിയമസഭയുടെ മുൻപാകെ വയ്പിക്കേണ്ടതാണ്.

28. ബോർഡിന്റെ പ്രവർത്തനങ്ങളും നടപടികളും സാധുവാണെന്ന് കരുതപ്പെടും.—ബോർഡിന്റെ യാതൊരു പ്രവർത്തനമോ നടപടിയോ ,—

(എ) അതിന്റെ ഘടനയുടെ ഏതെങ്കിലും ന്യൂനതയോ അതിലെ ഏതെങ്കിലും ഒഴിവോ;

(ബി) ബോർഡിലെ അംഗമായി പ്രവർത്തിക്കുന്ന ആരുടെയെങ്കിലും നിയമനത്തിലെ ഏതെങ്കിലും ന്യൂനത; അഥവാ

(സി) വിഷയത്തിന്റെ അർഹതയെ ബാധിക്കാത്ത അതിന്റെ നടപടികളിലെ ഏതെങ്കിലും ക്രമക്കേട് എന്നീ കാരണങ്ങൾ കൊണ്ടുമാത്രം അസാധുവാകുന്നതല്ല.

29. 2000-ലെ 6-ാം ആക്റ്റിന്റെ ഭേദഗതി.—**1999**-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിൽ (**2000**-ലെ **6**),—

(1) **2**-ാം വകുപ്പിൽ (ഐ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഐഎ) " കേരള റോഡ് ഫണ്ട്" എന്നാൽ **2001**-ലെ കേരള റോഡ് ഫണ്ട് ആക്റ്റിലെ **6**-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട കേരള റോഡ് ഫണ്ട് എന്നർത്ഥമാകുന്നു."

(2) **11**-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"**11** എ. ഹൈവേകളിൽ നൽകുന്ന സേവനങ്ങൾക്കോ പ്രയോജനങ്ങൾക്കോ ഉള്ള ഫീസ്.— **(1)** സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഹൈവേകളിലെ കടത്തുകളുടേയും, ഓരോന്നിനും മുപ്പത്തിയഞ്ച് ലക്ഷത്തിൽ കൂടുതൽ നിർമ്മാണച്ചെലവ് വരുന്ന സ്ഥിരമായ പാലങ്ങളുടേയും ഹൈവേയിലെ താൽക്കാലിക പാലങ്ങളുടേയും തുരങ്കങ്ങളുടേയും ഉപയോഗം സംബന്ധിച്ച് നൽകുന്ന സേവനങ്ങൾക്കോ പ്രയോജനങ്ങൾക്കോ, ഹൈവേയുടെ ഭാഗങ്ങളുടെ ഉപയോഗത്തിനോ, ഇതിലേക്ക് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ ഫീസ് ചുമത്താവുന്നതാണ്:

എന്നാൽ, പൊതുതാൽപ്പര്യാർത്ഥം അങ്ങനെ ചെയ്യുന്നത് ആവശ്യമാണെന്ന് സർക്കാരിന് അഭിപ്രായമുണ്ടെങ്കിൽ, സമാനമായ വിജ്ഞാപനംവഴി സർക്കാരിന് ഏതൊരു പാലത്തെയും അതിന്റെ ഉപയോഗം സംബന്ധിച്ച് ഈ വകുപ്പുപ്രകാരം ഫീസ് ചുമത്താവുന്നതല്ലെന്ന് വിനിർദ്ദേശിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഫീസ്, അപ്രകാരം ചുമത്തപ്പെടുമ്പോൾ, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം പിരിക്കേണ്ടതും, 2001-ലെ കേരള റോഡ് ഫണ്ട് ആക്റ്റിൻ കീഴിൽ സ്ഥാപിച്ച കേരള റോഡ് ഫണ്ടിലേക്ക് അടയ്ക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരിന്, 1976-ലെ കേരള ടോൾസ് ആക്റ്റിലെ (1977-ലെ 6) വ്യവസ്ഥകൾ പ്രകാരം ടോൾ ഈടാക്കൽ പൂർത്തിയായ എല്ലാ പാലങ്ങളിലും ഫീസ് ചുമത്താവുന്നതാണ്. ”

30. റദ്ദാക്കലും ഒഴിവാക്കലും.—(1) 2001-ലെ കേരള റോഡ് ഫണ്ട് ഓർഡിനൻസ്(2001-ലെ 34) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(ശരിത്തർജ്ജമ)